**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പി.എം.എ.വൈ.(നഗരം)-ലൈഫ് പദ്ധതിയിൽ സംസ്ഥാനതല / നഗരതല സാങ്കേതിക സെല്ലിൽ പ്രവർത്തിച്ചു വരുന്ന കരാർ ജീവനക്കാരുടെ സേവന കാലാവധി 2025 ജൂൺ 30 വരെ ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.797/2025/LSGD തീയതി,തിരുവനന്തപുരം, 25-03-2025

---

പരാമർശം:-
1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 06.03.2025 ലെ LSGD/PD/5124/2025-CSSA1 നമ്പർ കത്ത്
2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 16.03.2025 ലെ 493/N/2025/KSHO നമ്പർ കത്ത്

**ഉത്തരവ്**

പി.എം.എ.വൈ.(നഗരം)-ലൈഫ് ഭവന പദ്ധതിയിൽ നിലവിൽ നിർമ്മാണ പുരോഗതിയിലിരിക്കുന്ന വീടുകളുടെ പൂർത്തീകരണത്തിന്, കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള സംസ്ഥാന കുടുംബശ്രീ മിഷനിലേയും കോർപ്പറേഷനുകളിലേയും നഗരസഭകളിലേയും State Level Technical Cell / City Level Technical Cell (SLTC/CLTC) ജീവനക്കാരുടെ സേവനം ആവശ്യമാണ്. പദ്ധതി ഒന്നാം ഘട്ടത്തിൽ അംഗീകാരം ലഭിച്ച ഭവനങ്ങളുടെ പൂർത്തീകരണത്തിനുള്ള കാലാവധി 2025 ഡിസംബർ 31 വരെയാണ്. നിലവിലെ ഫണ്ടിംഗ് പാറ്റേൺ പ്രകാരം പദ്ധതി നിർവ്വഹണത്തിന് 2025 മാർച്ച് 31 വരെയാണ് തുക ചെലവഴിക്കാനാകുക. ആയതിനാൽ പദ്ധതി നിർവ്വഹണത്തിനായി കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള 75 സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ സെൽ / സിറ്റി ലെവൽ ടെക്നിക്കൽ സെൽ ജീവനക്കാരുടെ സേവന കാലാവധി 2025 ഡിസംബർ 31 വരെ ദീർഘിപ്പിക്കണമെന്ന് പരാമർശം 1 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി. ജീവനക്കാർക്ക് 2025 മാർച്ച് 31 നു ശേഷം ശമ്പളം നല്കുന്നതിന് കുടുംബശ്രീയിൽ ലഭ്യമായ BSUP/IHSDPഫണ്ടിലെ സംസ്ഥാനവിഹിതത്തിന്റെ പലിശ തുകയായ 3.39 കോടി രൂപയിൽ നിന്നും ചെലവഴിക്കുന്നതിനുള്ള പ്രൊപ്പോസൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 2 പ്രകാരം ലഭ്യമാക്കിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച പി.എം.എ.വൈ.(നഗരം)-ലൈഫ് ഭവന പദ്ധതിയിൽ നിലവിൽ നിർമ്മാണ പുരോഗതിയിലിരിക്കുന്ന വീടുകളുടെ പൂർത്തീകരണത്തിന് കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാരുടെ സേവനം ആവശ്യമായതിനാൽ, ജീവനക്കാർക്കുള്ള ഓണറേറിയം കുടുംബശ്രീയിൽ ലഭ്യമായ BSUP / IHSDP ഫണ്ടിലെ സംസ്ഥാനവിഹിതത്തിന്റെ പലിശ തുകയിൽ നിന്നും ചെലവഴിക്കാവുന്നതാണ് എന്ന വ്യവസ്ഥയിൽ, പി.എം.എ.വൈ. (നഗരം) - ലൈഫ് പദ്ധതി നടത്തിപ്പിനായി കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളതും നിലവിൽ പ്രവർത്തിച്ച വരുന്നവരുമായ സംസ്ഥാന കുടുംബശ്രീ മിഷനിലേയും കോർപ്പറേഷനുകളിലേയും നഗരസഭകളിലേയും State Level Technical Cell / City Level Technical Cell (SLTC/CLTC) ജീവനക്കാരുടെ സേവനം 30.06.2025 വരെ ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ഓഡിറ്റ്),കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 26-03-2025 10:22:39
സെക്ഷൻ ഓഫീസർ